**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1094** **27-07-2021 - ൽ മറുപടിയ്ക്ക്**

**കാർഷിക കോളേജുകളിലെ എന്റമോളജി അസിസ്റ്റന്റ് പ്രൊഫസർമാരുടെ നിയമനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ കെ ആൻസലൻ | | Shri. P. Prasad<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | കേരള കാർഷിക സർവ്വകലാശാലയുടെ 3.3.2016-ലെ GA/K1/34376/2012 നം. നോട്ടിഫിക്കേഷൻ പ്രകാരം ഇന്റർവ്യൂ കഴിഞ്ഞ വിവിധ കാർഷിക കോളേജുകളിലെ അഗ്രികൾച്ചറൽ എന്റമോളജി വിഭാഗം അസിസ്റ്റന്റ് പ്രൊഫസർമാരുടെ എത്ര ഒഴിവുകളാണ് നിലവിലുള്ളതെന്ന് വിശദമാക്കാമോ; | (എ) | കേരള കാർഷിക സർവ്വകലാശാലയിൽ അഗ്രി.എന്റമോളജി വിഭാഗത്തിൽ അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിൽ നിലവിൽ നാല് ഒഴിവുകളാണുള്ളത്. |
| (ബി) | എത്രപേരുടെ റാങ്ക് പട്ടികയാണ് നിലവിൽ തയ്യാറാക്കിയതെന്നും എത്രപേരെ നിലവിൽ വിവിധ കോളേജുകളിൽ നിയമിച്ചിട്ടുണ്ടെന്നും ഇനി എത്ര പേരെ നിയമിക്കുമെന്നും വിശദമാക്കാമോ; | (ബി) | അഗ്രികൾച്ചറൽ എന്റമോളജി വിഭാഗത്തിൽ 48 പേരുടെ റാങ്ക് പട്ടികയാണ് തയ്യാറാക്കിയിരിക്കുന്നത്. പ്രസ്തുത പട്ടികയിൽ നിന്നും അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിൽ അഗ്രി. എന്റമോളജി വിഭാഗത്തിൽ 19 ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകി. റാങ്ക് പട്ടികയുടെ കാലാവധി അവസാനിക്കുന്നതിനുള്ളിൽ ഉണ്ടാകുന്ന മുഴുവൻ ഒഴിവുകളിലേയ്ക്കും നിയമനം നടത്താനാകുന്നതാണ്. |
| (സി) | പ്രസ്തുത റാങ്ക് ലിസ്റ്റിന്റെ കാലാവധി എപ്പോൾ അവസാനിക്കുമെന്നും റാങ്ക് ലിസ്റ്റിന്റെ കാലാവധി അവസാനിക്കുമ്പോൾ ഒഴിവുകൾ പൂർണ്ണമായും നികത്താൻ കഴിയുമോയെന്നും വ്യക്തമാക്കാമോ ? | (സി) | നിലവിലുള്ള അസിസ്റ്റന്റ് പ്രൊഫസർ റാങ്ക് ലിസ്റ്റന്റെ കാലാവധി 17.08.2021-ന് അവസാനിക്കുന്നതാണ്. കാലാവധി അവസാനിക്കുന്നതിന് മുൻപ് നിലവിലുള്ള ഒഴിവുകളിലേയ്ക്ക് നിയമനം നടത്തുന്നതിനുള്ള നടപടികൾ സർവ്വകലാശാല സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ